# പ്രിയപ്പെട്ട ജിനൂ

''നിന്റെ ജീവിതത്തിന്റെ രാഗമേതാ''ണെന്ന് നീയൊരിക്കൽ എന്നോട് ചോദിച്ചിരുന്നു. വേണ്ടത് വേണ്ടിടത്ത് ഇന്നുവരെ തോന്നാത്ത ഞാൻ അന്നു നിന്റെ കുറ്റിരോമം നിറഞ്ഞ താടിക്കു താഴെ വെറുതെ നിന്നതേയുള്ളു. വളരെ വളരെ കുട്ടിക്കാലം മുതൽ ഞാൻ തിരഞ്ഞ ഉത്തരം, കണ്ടുപിടിക്കാത്ത ഉത്തരം. ഏത് മൂലയിൽ അതുവരേയും ഒളിച്ചിരുന്നോ അവിടെത്തന്നെ അന്നും ഇരുന്നു. തിരക്കു പിടിച്ച റെയിൽവേസ്റ്റേഷന്റെ കൽപ്പടവുകളിൽ നാംഏകരായിരിക്കെഞാനോർത്തത് ഈ ഉത്തരംതന്നെയായിരുന്നു. ജിനൂ. എന്നിലുള്ളതൊന്നും, എനിക്കു ലഭിച്ചതൊന്നും എന്റെ ജീവിതത്തിന്റെ രാഗമായിരുന്നിട്ടില്ല. ന്യായീകരണംപോലും അല്ല. പാർക്കുകളിലെ തണലും, രാത്രിയിലെ ഇരുട്ടും പകലത്തെ തണുപ്പും ഹോട്ടലുകളിലെ ഭക്ഷണവും ഒക്കെ ആയിരങ്ങളിൽ ഒന്നുമാത്രമായി നമ്മെ താഴ്ത്തുമെന്ന് ഭയന്നു, ഞാൻ അപ്പോൾ നീഉച്ചരിച്ച ശാപവാക്കുകളെ,ഞാൻവരാതിരിക്കുമ്പോൾ ദേഷ്യം കൊണ്ട് വിളർത്തനിന്റെ മുഖത്തെ എല്ലാം വെറുത്തു. അവഗണനയുടെ അലസതയോടെ ഞാനതൊക്കെ മറന്നു. നയാഗ്രയുടെ മുകളിലൂടെ കയറിൽനടക്കുമ്പോഴത്തെവികാരംഎനിക്ക്സ്വന്തമാക്കണം.

ഏറ്റവും സാധാരണമായ വാക്കുകളിൽഎന്നെനീക്ഷണിച്ച ഓരോ നിമിഷവും ഞാൻ കരഞ്ഞു. നിന്റെ സമ്മാനങ്ങളൊക്കെ ഞാൻ പഴയ സാധനങ്ങൾ സൂക്ഷിക്കുന്ന അലമാരിയിൽ കൊണ്ടിട്ടു. സമ്മാനങ്ങൾ തിരഞ്ഞെടുക്കാൻ നിനക്കറിയില്ല. നിനക്ക് നമ്മുടെ സ്നേഹത്തിന്റെ വിലയറഞ്ഞുകൂടാ. എന്റെ ജീവിതത്തിന്, ഒരു പക്ഷേ, രാഗമേ ഇല്ല. താളം തെറ്റലുകൾ സൃഷ്ടിക്കുന്ന വിചിത്രമായ താളത്തിലും നിന്നിലും പക്ഷേ ഞാൻ കാലൂന്നി നിന്നു.ഞാൻസ്വീകരിച്ചഏറ്റവും നല്ലഅപസ്വരം നീയായിരുന്നു. കേട്ടു മടുത്തസ്വരങ്ങളുടെഇടയിൽ നീയെന്നഅപസ്വരത്തിനുപുതമയുണ്ടായിരുന്നു.പുതുമ,കുഞ്ഞേ,ഞാനെപ്പോഴും ഇഷ്ടപ്പെട്ടു.

എന്റെ ശരീരത്തിൽ നിന്നും വിളിപ്പാടകലെ ഞാൻ നിന്നെ തളച്ചിട്ടു. ഞാനെന്നും അങ്ങിനെയാണ്, വികാരത്തിന്റെ മൂർച്ചയിൽഞാനൊരു തിളങ്ങുന്ന കത്തിയാകുമ്പോൾ പോലും ഉറയിൽ വിറങ്ങലിച്ചു കിടക്കാൻ എനിക്കറിയാം. നിന്റെ പിടച്ചിലുകൾ നോക്കി നോക്കി ഞാൻ ചിരിച്ചു. എന്റെ കടിഞ്ഞാണുകൾ എന്റെ കൈയിലുണ്ട്.

ഇന്നു വിമാനത്തിന്റെ ഇരമ്പലിനു പിന്നിൽ നിന്നെ യാത്രയാക്കാൻ ഞാൻമാത്രം കാത്തുനിൽക്കെ, കുഞ്ഞേ, എന്റെ പുറംകൈയിൽ ചുംബിച്ചുവിട്ട നിന്റെ മുഖംഞാൻമറക്കില്ല.ആചുളിവുകൾഎന്റെമനസ്സ്, ദേഹം, കീറിമുറിച്ചു. ചൂടിയന്ന എന്റെ കൈകൾ പിടിച്ചു നീഅത്ഭുതത്തോടെ എന്റെ കണ്ണുകളിൽ നോക്കിയപ്പോൾ സത്യം. ജിനൂ, എനിക്കീജീവിതത്തിൽ ആദ്യമായി കരയാൻ തോന്നി, നിനക്കറിയില്ലായിരിക്കും, ഞാനിന്നുവരെ കരഞ്ഞിട്ടില്ല, കരയിക്കാൻ കഴിഞ്ഞിട്ടില്ല. നിന്റെ കൈയിലെ ഗിത്താറിലെ ഒരു ചെറിയ ശബ്ദമായി കൂടെ വരാൻ തോന്നി. നിന്റെ മാറത്തെ ഒരു രോമമാകാൻ, നിന്റെ ദേഹത്തിലെ ഒരു കലയാകാൻ, കളങ്കമാകാൻ. കുറ്റിത്താടി തലോടി വിളറിയെ ചിരിയുമായി നീയാത്രയാകെ അതിന്റെ പിന്നിൽ വിറയ്ക്കുന്ന ദേഹവുമായി നിന്ന ഞാൻ ആ നടത്തം. ആ ചലനം ഒരിക്കലും തീരരുതെ എന്നു മാത്രം പ്രാർത്ഥിച്ചു. വിമാനം വായുവിലെ മരീചികയാവണമെന്നും. നീതന്ന നീലമോതിരത്തിൽ നോക്കി. നീയൊരിക്കലും അനുഭവിക്കാത്ത എന്റെ ശരീരം നുറുങ്ങി പൊടിയാവണമെന്നും ഞാൻ പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചു നിൽക്കെ നിന്റെ വിമാനം പതുക്കെനീങ്ങി.ഈശ്വരനില്ലെന്ന്നീയാണ്പറഞ്ഞത്.ഇന്ന്എനിക്കുംഅതുതോന്നി.

എന്റെ ജിനൂ, നിന്റെ വിമാനത്തിന്റെ ഇരമ്പം കേൾക്കാതായിട്ട് നിമിഷങ്ങളായി. ഈ ചരൽപ്പുറത്ത് ആലംബമറ്റിരിക്കുന്ന ഞാൻ, നഷ്ടപ്പെട്ട, നീകൂടെയിരുന്ന നിമിഷങ്ങളെക്കുറിച്ചോർക്കുകയാണ്. നിനക്കുമ്മ തരാതെ, നിന്നെ തലോടാതെ മരിക്കുന്ന എന്റെ ചുണ്ടുകൾ, കൈകൾ എന്തിനാണ് എനിക്കിനി. ഞാനെന്റെ മുറിവുകൾ നക്കിയുണക്കട്ടെ. സ്വയമുണ്ടാക്കിയ അവയുടെ വേദന ഞാനറിയുന്നത് ആദ്യമാണ്. നിന്റെ കൂടെ ഇരുന്നപ്പോഴൊക്കെ ഞാനവയിലെ രക്തമേ കണ്ടുള്ളു. എന്റെ കടിഞ്ഞാണുകൾ എന്നെവല്ലാതെ മുറിപ്പെടുത്തിയിരിക്കുന്നു.

എന്റെ പാവം കുഞ്ഞേ, നിന്റെ ആരോഗ്യം നിറഞ്ഞ ശരീരം ഒരിക്കലെങ്കിലും രോഗഗ്രസ്തമാവാൻ ഞാനെത്ര കൊതിച്ചു ! എന്നിട്ടുവേണം എനിക്കു നിന്റെ തലയിൽ തലോടാൻ; ആശ്വസിപ്പിക്കാൻ, എന്റെ ബലഹീനതകൾക്ക് ഞാനെന്നും ന്യായീകരണങ്ങൾ തേടിയിട്ടുണ്ട്. ആ വലിയ ഹോട്ടലിലെ ഇരുണ്ട മുറിയിൽ പരസ്പരം നാം നോക്കിയിരുന്ന പൂർണ്ണ രാത്രികളുടെ അത്ര മനോഹരമായ രാത്രികൾ ഇനി വരില്ല. ആർക്കും അങ്ങനെ രാത്രികൾ മനോഹരങ്ങളാക്കാൻ അറിഞ്ഞുകൂടാ. കൈവിരലിൽ തലോടി ഇരുന്ന്, ചെസ്സ് കളിച്ച് നീണ്ട ചർച്ചകൾ നടത്തി നാം ക്ഷീണിച്ച മുഖങ്ങളുമായി രാവിലെ പിരിയുമ്പോൾ സൂര്യന് ആയിരം മടങ്ങ് പ്രകാശം കൂടുന്നു. ഒരു സ്റ്റൂളിന്റെ അകലം തന്ന മധുരം. ജിജ്ഞാസയുടെ മധുരം. ആ രാത്രികളിൽ ആകാശം നിറയെ നക്ഷത്രങ്ങളായിരുന്നു. ഞാനനുഭവിച്ച ഏറ്റവും വലിയ സുഖം അതായിരുന്നു. നിയന്ത്രണത്തിന്റെ കാഠിന്യംകണ്ണുകളിൽചുവന്നരേഖകൾതീർത്തിട്ടുംനാംചിരിച്ചു.പക്ഷേ,ജിനൂ,ആവേദനഞാനിന്നറിയുന്നു.

എന്തു ചെയ്യുകയാണ് നീ? എന്നെക്കുറിച്ചോർക്കുകയല്ലെന്ന് എനിക്കുറപ്പുണ്ട്. ഓർമ്മിക്കാൻ

തക്കവിധംഎന്തുണ്ടെനിക്ക് ? നിന്റെ മുതുകിലെ ചെറിയ ഉണൽകരിഞ്ഞോഎന്നുചോദിക്കാൻഞാൻമറന്നു. എന്റെ വലിയ നഖങ്ങൾ, വെട്ടിക്കളയാത്തതിന്കാണുമ്പോഴൊക്കെഅറപ്പുംകോപവും നീപ്രകടിപ്പിക്കാറുള്ള ഞാനോമിക്കുന്ന എന്റെ നഖങ്ങൾ വിമാനത്താവളത്തിലെ ലൌഞ്ചിൽ വെച്ചുതന്നെ ഇന്ന് ഞാൻ വെട്ടിക്കളഞ്ഞു. ഇന്നു നിന്റെ ദിവസമാണ്. എന്നെ നീഎന്നെന്നേയ്ക്കുമായി കീഴടക്കിയ ദിനം. നീനാദവും ഞാൻ ലയവും ആണെന്ന് മനസ്സിലാക്കിയ ദിവസം. ഞാനാരാധിച്ചിരുന്ന എന്റെ അഹന്തയെ കശക്കിയെറിഞ്ഞ ഇന്നീശൂന്യമായ വഴിയിൽ നിന്റെ പാദവടിവുകൾ തിരഞ്ഞു നിൽക്കെ, നീതിരിച്ചു വരില്ലെന്ന ബോധത്തിൽ ഞാൻകരിയവെഎന്റെ,എന്റെമാത്രംജിനു,ഞാനെന്റെ ഉത്തരംകണ്ടെത്തി.

ഇന്ന്, ജിനൂ, അങ്ങ് ദയാപൂർവ്വം വലിച്ചെറിഞ്ഞ ഉണങ്ങിയ ചുള്ളിക്കമ്പുകൾ ചേർത്തു വെച്ചു ഞാനൊരമ്പലംപണിയട്ടെ.അവിടെഞാനങ്ങയെകിടത്തിഉറക്കട്ടെ.മരണംവരെകാവലിരിക്കട്ടെ.